**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഫാം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ KSR ഫാം തൊഴിലാളികൾക്ക് ബാധകമല്ല. കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് തൊഴിലാളികളുടെ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. മേൽ സാഹചര്യങ്ങളിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥിരം ഫാം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഫാമുകളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരും ദിവസ വേതനക്കാരും അല്ലാത്ത മുഴുവൻ സ്ഥിരം തൊഴിലാളികളെയും മുകളിൽ സൂചിപ്പിച്ച ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഫാം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ KSR ഫാം തൊഴിലാളികൾക്ക് ബാധകമല്ല. കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് തൊഴിലാളികളുടെ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. മേൽ സാഹചര്യങ്ങളിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥിരം ഫാം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഫാം തൊഴിലാളികൾക്കും മെഡിസെപ്പ് ഇൻഷ്വറൻസ് ബാധകമാണെന്ന ഉത്തരവ് നിലവിലിരിക്കെ 2022 ജൂൺ മാസം മുതൽ 500 രൂപ പ്രതിമാസ പ്രീമിയം അടച്ചിട്ടും മുഴുവൻ പേർക്കും മെഡിസെപ്പ് ഐ.ഡി. നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ മെഡിസെപ് പദ്ധതി, ഫാം തൊഴിലാളികൾക്കും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ മെഡിസെപ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | മെഡിസെപ്പ് ഐ.ഡി. കിട്ടാത്തതിനാൽ ആശുപത്രികളിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് | (ഡി) | സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ മെഡിസെപ് പദ്ധതി, ഫാം തൊഴിലാളികൾക്കും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | ഐ.ഡി. അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | | അടിസ്ഥാനത്തിൽ തൊഴിലാളികളെ മെഡിസെപ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ